# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2301

18.12.2012-ലെ മറുപടിയ്ക്ക്

## ഒഴുകുന്ന ത്രിവേണി സ്റ്റോർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴക്കൻ<br>,, കെ.മുരളീധരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) ഒഴുകുന്ന ത്രിവേണി സ്റ്റോർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) വെള്ളത്താൽ ചുറ്റപ്പെട്ടതും, കരമാർഗ്ഗമുള്ള സഞ്ചാര സൗകര്യവും, ഷോപ്പിംഗ് സൗകര്യവും കുറവുള്ളതും ആയ പ്രദേശങ്ങളിലെ ഉപഭോക്താക്കളുടെ ഷോപ്പിംഗ് സൗകര്യത്തിനുവേണ്ടി ഫെഡറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ഒഴുകുന്ന ത്രിവേണി സ്റ്റോർ പദ്ധതി. ഒരു ത്രിവേണി സൂപ്പർ മാർക്കറ്റിൽ ലഭ്യമാകുന്ന എല്ലാ അവശ്യ നിത്യോപയോഗ സാധനങ്ങളും ഒഴുകുന്ന ത്രിവേണികളിലൂടെ ലഭ്യമാക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ആരംഭിച്ചിട്ടുണ്ട്. താഴെപറയുന്ന 7 സ്ഥലങ്ങളിൽ ഒഴുകുന്ന ത്രിവേണികൾ പ്രവർത്തിച്ചുവരുന്നുണ്ട്. |

| ക്രമ നം. | സ്ഥലം | ജില്ല |
|---|---|---|
| 1 | കുട്ടനാട് | ആലപ്പുഴ |

| | | |
|---|---|---|
| 2 | അപ്പർ കുട്ടനാട് | ആലപ്പുഴ |
| 3 | കുണ്ടറ | കൊല്ലം |
| 4 | പനങ്ങാട് | എറണാകുളം |
| 5 | ഹരിപ്പാട് | ആലപ്പുഴ |
| 6 | പുതുപ്പള്ളി | കോട്ടയം |
| 7 | ചവറ | കൊല്ലം |

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(സി) 2 ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനു വേണ്ടി കേന്ദ്ര ഉപഭോക്തൃ മന്ത്രാലയത്തിന്റെ കീഴിലുള്ള കൺസ്യൂമർ വെൽഫെയർ ഫണ്ടിൽ നിന്നും 90 ലക്ഷം രൂപ ഗ്രാന്റ് ഇൻ-എയ്ഡ് ആയി ലഭിച്ച സാമ്പത്തിക സഹായവും ഫെഡറേഷന്റെ സ്വന്തം ഫണ്ടും ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) വെള്ളത്താൽ ചുറ്റപ്പെട്ടതും കരമാർഗ്ഗമുള്ള സഞ്ചാര സൗകര്യവും, ഷോപ്പിംഗ് സൗകര്യവും കുറവുള്ളതും ആയ പ്രദേശങ്ങളിൽ ഈ പദ്ധതിയുടെ പ്രവർത്തന സാധ്യത കൂടി കണക്കിലെടുത്ത് ഈ പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ